## പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4162** **24.10.2016-ൽ മറുപടിക്ക്**

### വ്യാജ സിം കാർഡുകൾ സംഘടിപ്പിക്കുന്നവർക്കെതിരെയുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് മൊബൈൽ കണക്ഷന് വേണ്ടി കടകളിൽ നൽകുന്ന തിരിച്ചറിയൽ കാർഡുകൾ ഉപയോഗിച്ച് ഉടമസ്ഥരറിയാതെ വ്യാജ സിം കാർഡുകൾ സംഘടിപ്പിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് 12 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) വിദേശികൾ ഉൾപ്പെടെയുള്ളവർ ഇത്തരം സിം കാർഡുകൾ സംഘടിപ്പിച്ച് തട്ടിപ്പുകളും വിധ്വംസക പ്രവർത്തനങ്ങളും നടത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 3 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് |
| (സി) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും ഈ സംഭവങ്ങളിൽ ഉൾപ്പെടുന്നവരെ കണ്ടെത്തുന്നതിനും സർക്കാർ മതിയായ നടപടി സ്വീകരിക്കാറുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള നടപടിയാണ് സ്വീകരിച്ചു വരുന്നത്? | (സി) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിലേക്കായി ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ശക്തമായ പരിശോധനകൾ നടത്തിവരുന്നതും, ഇത് സംബന്ധിച്ച് പരാതി ലഭിച്ചാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ